# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിണ്ടിമന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി7-1558/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി7-1558/2021 തീയ്യതി: 13/06/2022

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിജയകുമാർ.എൻ (ഓഡിറ്റ് ഓഫീസർ .ഹ ഗ്രേ)
ശ്രീ. ജോസഫ് ജോർജ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.വിജു.എം.എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ സന്തോഷ് കുമാർ എം. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.മുഹമ്മദ് ഷാഫി.എം (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജെയ്സൺ ഡാനിയേൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രാജൻ.പി.എസ് | സെക്രട്ടറി | 01-04-2019 | 09-01-2020 |
| ശ്രീ.മൈതീൻ.എം.എം | സെക്രട്ടറി | 10-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജയകുമാർ.കെ.യു | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ദിവ്യ ശശി | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി.ഷൈലജ | അസി.എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീമതി സ്വപ്ന മാത്യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി .രമ്യ.കെ.പി | വി.ഇ.ഒ (പിണ്ടിമന സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി ദിവ്യ രാജേന്ദ്രൻ | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ശുഭ.എം.ആർ | മെഡിക്കൽ ഓഫീസർ .ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ശാന്ത റാം | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ശോഭ ജയറാം | വെറ്റിനറി സർജൻ | 01-04-2019 | 19-11-2019 |
| ഡോ.ഷൈജു.പി | വെറ്റിനറി സർജൻ (അഡീഷണൽ ചാർജ്) | 20-11-2019 | 02-12-2019 |
| ഡോ.മേരി വിജയ | വെറ്റിനറി സർജൻ | 03-12-2019 | 07-03-2020 |
| ഡോ.മുഹമ്മദ് റഷാദ് | വെറ്റിനറി സർജൻ | 08-03-2020 | 31-03-2020 |
| ശ്രീമതി ലൈല.കെ.എൻ | ഹെഡ് മിസ്ട്രസ്,ചെങ്കര ഗവ.യു.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി കല്ല്യാണി സജിത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-07-2019 |
| ശ്രീമതി എലിസബത്ത്.സി.ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.വിജി ജോബ് | കൃഷി ഓഫീസർ | 01-04-2019 | 03-09-2019 |
| ശ്രീമതി അഞ്ജു.സി | കൃഷി ഓഫീസർ | 04-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Joseph George (Senior Grade Auditor, On 23-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 23-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-3 |
| 4 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 23-10-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 23-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 23-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: N.Vijayakumar (Audit Officer (HG), On 28-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം.<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 28-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-10 |
| 11 | ഗ്രാമസഭ നിയമാനുസൃത ഇടവേളകളിൽ യോഗം ചേരുന്നില്ല<br>Written By: Viju M S (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-11 |
| 12 | തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Muhammed Shafi V M (Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-12 |
| 13 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Muhammed Shafi V M (Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-13 |
| 14 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Viju M S (Senior Grade Auditor, On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-14 |
| 15 | ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ബദ്ധ ശ്രദ്ധ ചെലുത്തുന്നു.<br>Written By: Viju M S (Senior Grade Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-15 |
| 16 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. | 1-16 |

| | | |
|---|---|---|
| | Written By: Viju M S (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | |
| 17 | ബിരുദ -ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-ക്യാഷ് ബില്ലിൽ അധിക തുക നൽകി. (എസ്.സി)<br>Written By: Viju M S (Senior Grade Auditor, On 30-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-17 |
| 18 | ഘടകസ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾ- വിനിയോഗം ഉറപ്പുവരുത്താതെ മുൻകൂർ നൽകി<br>Written By: Joseph George (Senior Grade Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-18 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവർത്തികൾ-വിനിയോഗവിവരങ്ങളില്ല<br>Written By: Joseph George (Senior Grade Auditor, On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-20 |
| 21 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 30-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-21 |
| 22 | തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ- അധിക തുക വിനിയോഗിച്ചു<br>Written By: Joseph George (Senior Grade Auditor, On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-23 |
| 24 | ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-24 |
| 25 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-25 |
| 26 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 21-05-2022) | 1-26 |
| 27 | നീന്തൽ പരിശീലനം-സർട്ടിഫിക്കറ്റ് വിതരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 30-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-27 |
| 28 | സാക്ഷരതാ പ്രവർത്തനങ്ങൾ -തുടർ പഠന വിശദാംങ്ങൾ അറിയിക്കേണ്ടതാണ്.<br>Written By: Santhosh Kumar M (Auditor, On 30-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-28 |
| 29 | 'പെൻസിൽ' മെന്റേഴ്സ് ക്യാമ്പ് ചെലവ് തിരികെ ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 1-29 |
| 30 | പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-30 |
| 31 | പ്രിന്റിങ്ങ് പ്രവർത്തികൾ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-31 |
| 32 | ലൈഫ് ഭവന പദ്ധതി-കമ്മിറ്റി തിരുമാനം പ്രകാരമുള്ള തുക തിരികെ | 1-32 |

| | | |
|---|---|---|
| | ഈടാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | |
| 33 | സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുള്ള മരംവെട്ടിമാറ്റിയതിനുള്ള ചെലവ് തിരികെ ഈടാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 31-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-33 |
| 34 | ഓഡിറ്റ് ഇംപാക്ട്<br>Written By: Muhammed Shafi V M (Auditor, On 30-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ- അധിക തുക വിനിയോഗിച്ചു<br>Written By: Joseph George (Senior Grade Auditor, On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 23-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 23-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-2 |
| 3 | നിക്ഷേപപ്രവർത്തികൾ<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joseph George (Senior Grade Auditor, On 25-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph George (Senior Grade Auditor, On 25-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-8 |
| 9 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 29-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 30-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 31-10-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 28-10-2021)<br>Last Updated By: Joby George (Computer Assistant, On 15-12-2021) | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധം - 3 |
| 4 | അനുബന്ധം - 4 |
| 5 | അനുബന്ധം - 5 |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 22.02.2019 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെ പുതുക്കിയ ബഡ്ജറ്റ് 19.03.2020 ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെച്ചേർത്തിരിക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2877842 | 85915680 | 88793522 | 82833771 | 5959751 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് നീക്കിയിരുപ്പ് താഴെപ്പറയുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 10104229 | 57220077 | 67324306 | 54876910 | 12447396 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 85915680 | 57220077 | 28695603 |
| ചെലവ് | 82833771 | 54876910 | 27956861 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 2.86 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 2.79 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 11.06.2020 | - | - |

പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഓഫീസ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളുടെ വിവരങ്ങളും ഈയിനത്തിൽ തിരികെ ലഭിക്കുന്ന തുകയുടെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ലിയു.ഡി ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് വർഷങ്ങൾക്ക് ശേഷവും ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. കൂടാതെ സി.ഡി.എസിന് നൽകിയ 5,27,748/- രൂപയും ക്രമീകരിച്ചിട്ടില്ല. ഇതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഈയിനത്തിലെ വരവും തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല..ആയതിനാൽ ഡെപ്പോസിറ്റിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

4.ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധി (ബാങ്ക് അക്കൌണ്ട് നം-4455) നീക്കിയിരുപ്പും വാർഷിക കണക്കിലെ ഈയിനത്തിലെ നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പ് 9079/- രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം ഇത് 4079/- രൂപ മാത്രമാണ്. വാർഷിക കണക്കിൽ 5,000/- രൂപ അധികമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5.ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

6. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവയ്ക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

7.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,01,04,229 |
| വരവ് | 5,72,20,077 |
| ആകെ | 6,73,24,306 |
| ചെലവ് | 5,48,76,910 |
| നീക്കിയിരിപ്പ് | 1,24,47,396 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8165394 | 8165394 | 6805460 | 0 | 1359934 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4061059 | 4061059 | 2903365 | 0 | 1157694 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 124000 | 124000 | 124000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7512000 | 7512000 | 3988049 | 0 | 3523951 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 1776607 | 0 | 1474393 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( UnTied) | 0 | 7034734 | 7034734 | 3490304 | 0 | 3544430 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | 93065 | 9812 | 102877 | 16584 | 86293 | |
| കേന്ദ്രാവിഷ്കൃതഫണ്ട്-സമ്പൂർണ്ണ ശുചിത്വം | 309482 | 24000 | 333482 | 265896 | 67586 | |
| 320 200 319-SLWM | 1000000 | 0 | 1000000 | 0 | 1000000 | |
| എൻ.ആർ.ഇ.ജി.എസ്-320 100 101-Admin.Exp | 16680 | 1119245 | 1135925 | 1135925 | 0 | |
| EFMS | 0 | 14846369 | 14846369 | 14846369 | 0 | |
| ICDS | 96867 | 472588 | 569455 | 356325 | 213130 | |
| PBIG | 309482 | 24000 | 333482 | 265896 | 67586 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 2290 | | 2290 | | 2290 | |
| 320 200 311 Flood Relief Grant | 25000 | 0 | 25000 | 0 | 25000 | |
| 320 300 102-Jal Nidhi | 10000 | 0 | 10000 | | 10000 | |
| 320 200 399-CSR Fund | 300000 | 5296045 | 5596045 | 5256045 | 340000 | |
| 320 300 199 ആശ്രയ-അഗതി രഹിത | 174999 | 988754 | 1163753 | 985754 | 177999 | |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് | | | | | | |
| സാക്ഷരത-320 200 309 | 2745 | 95 | 2840 | 0 | 2840 | |
| Joint Venture – Block Panchayat- Revenue Expenditure | 0 | 560000 | 560000 | | 560000 | |
| 320 700 405<br>Joint Venture – District Panchayat- Reveue | 678839 | 48288 | 727127 | 0 | 727127 | |
| 320 700 104-Joint Venture – Block Panchayat- Capital Expenditure | 500499 | 700000 | 1200499 | 1192367 | 8132 | |
| 320 700 205-Joint Venture – District Panchayat- Revenue Expenditure | 2065640 | 0 | 2065640 | 1052005 + 36 (Prior Period Liability) | 1013599 | |
| 320 700 404-Joint Venture – Block Panchayat- Revenue Expenditure | 350 | 0 | 350 | 0 | 350 | |

ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സംയുക്ത പ്രൊജക്കുകൾക്കുവേണ്ടി 2019- 2020 സാമ്പത്തിക വർഷം മുതൽ ജില്ലാ- ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാൽ ഈ തുക പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ (ട്രഷറി എസ്.ബി) അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നില്ല. നേരിട്ട് ചെലവഴിക്കുന്ന തുകകൾ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2019-20 സാമ്പത്തികവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ

1. വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവിധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ പ്രൊജക്കുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ വന്ന ചെലവുകൾ കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ്പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വന്നിട്ടുള്ളത്.
പിണ്ടിമന ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 10,14,706/-രൂപയും ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 102941/-രൂപയും പൊതുവിഭാഗത്തിൽ അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം 21900 രൂപയും ഉൾപ്പെടെ 11,39,548/-രൂപയാണ് ജി.ഒ പ്രൊജക്കുകൾക്കുവേണ്ടി മാറ്റിയത്. ഈ തുകയാണ് RP-7 ലെ വികസനഫണ്ട് (പൊതുവിഭാഗം)-ലെ ചെലവും, I-6 ഷെഡ്യൂളിലെ ചെലവും തമ്മിൽ വ്യത്യാസമായി കാണുന്നത്.

2019-20 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്ന് ചെലവഴിച്ച 11,92,367/- രൂപ (700000+ 492367), ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് 241896/- രൂപ, ആസ്തി നിർമ്മിതിക്കുവേണ്ടി MGNREGS ഫണ്ടിൽ നിന്ന് 1152602/- രൂപ (റോഡ് നിർമ്മാണം) വികസന ഫണ്ട് (ജനറൽ)- 717308/-രൂപ, വികസന ഫണ്ട് (എസ്.സി.പി)-11279/-രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റ് -1108997/-രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-628313/-രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -76037/- രൂപ എന്നീ ഇനങ്ങളിൽ നിന്ന് കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്. അതായത് ആകെ 51,28,999/- രൂപയാണ് തൻവർഷം കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| അംഗീകാരം ലഭിച്ചത് (എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്- എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശത |
|---|---|---|---|---|---|---|

| | | | | | | മാനം |
|---|---|---|---|---|---|---|
| 191 | 82394348 | 122 | 44554012 | 106 | 69 | 63.87% |

അംഗീകരിച്ച പദ്ധതികളുടെ 64% മാത്രമാണ് നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 1.11 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 16680 | 1119245 | 1135925 | 1135925 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | | 14846369 | 14846369 | 14846369 | 0 |
| | 16680 | 15965614 | 15982294 | 15982294 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22680 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 566400 | 90 |
| വിധവാപെൻഷൻ | 2934000 | 519 |
| വാർദ്ധക്യകാല പെൻഷൻ | 8041800 | 1408 |
| വികലാംഗപെൻഷൻ | 1011300 | 174 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 90000 | 16 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17825/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5.ലൈസൻസ് നൽകുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.
6.പ്രൊക്യൂർമെന്റ് കമ്മിററി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
2019-20 സാമ്പത്തിക വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് ബുക്കിൽ യോഗം കൂടിയതുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ഏതാനും പേജുകളിൽ കുറച്ച് പേരുടെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശ പ്രകാരം പ്രവർത്തനം കാര്യക്ഷമമാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

7)മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.10.2021 | 01/02/21മുതൽ 31/09/21 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2008 | 1997-98മുതൽ 2007-08വരെ | 17.06.2008 |

## 1-11 ഗ്രാമസഭ നിയമാനുസൃത ഇടവേളകളിൽ യോഗം ചേരുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2019- 2020 സാമ്പത്തിക വർഷത്തിൽ ആകെ മൂന്ന് തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡിന്റെ പേര് | ഗ്രാമസഭ കൂടിയ തീയതി |
|---|---|---|
| 1 | വേട്ടാമ്പാറ | 16.06.2019, 15.12.2019, 02.02.2020 |
| 2 | ദൂതത്താൻകെട്ട് | 16.06.2019, 08.12.2019, 02.02.2020 |
| 3 | നാടോടി | 16.06.2019, 15.12.2019, 02.02.2020 |
| 4 | ചേലാട് | 16.06.2019, 14.12.2019, 02.02.2020 |
| 5 | പഴങ്ങര | 15.06.2019, 14.12.2019, 01.02.2020 |
| 6 | പാടംമാലി | 16.06.2019, 14.12.2019, 02.02.2020 |
| 7 | പിണ്ടിമന | 16.06.2019, 08.12.2019, 02.02.2020 |
| 8 | ആയക്കാട് | 16.06.2019, 14.12.2019 |
| 9 | പുലിമല | 1506.2019, 14.12.2019, 01.02.2020 |
| 10 | ആയിരൂർപ്പാടം | 16.06.2019, 15.12.2019, 02.02.2020 |
| 11 | മുത്തംകുഴി | 16.06.2019, 14.12.2019, 02.02.2020 |
| 12 | വെറ്റിലപ്പാറ | 15.06.2019, 15.12.2019, 01.02.2020 |
| 13 | മാലിപ്പാറ | 16.06.2019, 15.12.2019, 02.02.2020 |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി

ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-12 തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 6/19-20 | ഫിലോമിന കുര്യാക്കോസ് | പെരിയാർ റിസോർട്ട്സ് | 6 |
| 2 | 17/19-20 | പി ജെ ജോസ് , പോത്താനിക്കാട്ട് | കരിങ്കൽ ക്വാറി | 5 |
| 3 | 31/19-20 | അരുൺ ഡേവിഡ് , ചമ്പക്കോട്ടുകുടിയിൽ | സിമന്റ് സ്റ്റോറേജ് ഗോഡൌൺ | 6 |
| 4 | 46/19-20 | വസന്തകുമാരി, പുനത്തിക്കുടി | മഹാലക്ഷ്മി ഹോളോബ്രിക്സ് | 6 |
| 5 | 73/19-20 | കെ എം ഫിലിപ്പ്, കുന്നത്ത് | കുന്നത്ത് ബ്രിക്സ് | 3 |
| 6 | 89/19-20 | സാബു പൗലോസ്, എലാട്ട് | ഹോളോബ്രിക്സ് നിർമ്മാണം | 4 |
| 7 | 99/19-20 | മോളി പൗലോസ്, തുടുമ്മയിൽ | ബേസിൽ വുഡ് ഇൻഡസ്ട്രീസ് | 5 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/22.10.2020), പ്രസ്തുത സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി ടി വ്യക്തികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ.(എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1/169A | എൽദോസ് & സൂസൻ , കരിമാബക്കടി | പാർപ്പിടം |
| 2 | 1/69A | ബിജു , തേലക്കാട്ട് | പാർപ്പിടം |
| 3 | 9/67A | രവീന്ദ്രൻ നായർ , നാരേക്കാട്ട് | വാണിജ്യം |
| 4 | 11/349B | ബഷീർ പി കെ , പുതിയേടത്ത്കുന്നേൽ | പാർപ്പിടം |
| 5 | 8/248A | രാജീവ് കെ പി , കിടങ്ങയത്ത് | പാർപ്പിടം |
| 6 | 2/348B | ബെസ്സി കുര്യാക്കോസ് , പുന്നക്കൽ | പാർപ്പിടം |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.10.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന്, പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും കെട്ടിടങ്ങൾക്ക് ഒറ്റത്തവണ കെട്ടിട നികുതി നടപടികൾ സ്വീകരിക്കുന്നതാണെന്നും, മേൽ പറയുന്ന കെട്ടിടങ്ങൾക്ക് ഒറ്റത്തവണ കെട്ടിട നികുതി അടച്ച രസീതിന്റെ പകർപ്പോ, റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളോ ലഭ്യമാക്കി ഓഡിറ്റ് മുമ്പാകെ പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-14 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1)സ്റ്റോക്ക് രജിസ്റ്റർ- ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി നല്കുന്ന രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തരമായി സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകളും വരുത്തേണ്ടതുമാണ്.

2) ക്യാഷ് ബുക്ക് - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ചെലവ് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ആയത് അടിയന്തരമായി സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകളും വരുത്തേണ്ടതാണ്.

3) ഇലക്ട്രോണിക്ക് ഉപകരണങ്ങളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി സൂക്ഷിക്കുന്നില്ല. പ്രസ്തുത ഉപകരണങ്ങൾക്ക് മൂന്ന്, നാല് വർഷത്തെ വാറണ്ടി നല്കിയിട്ടുള്ളതായതിനാൽ പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട വിവരങ്ങൾ നിർബന്ധമായും ചേർക്കേണ്ടതുമാണ്.

4) പ്രോജക്ട് രജിസ്റ്റർ - പദ്ധതികൾ സംബന്ധിച്ച ഒരു പ്രോജക്ട് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥന്മാർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പദ്ധതിക്ക് എ.സി.ആർ പ്രകാരം വകയിരുത്തിയ തുകയും ആയതിന്റെ ചെലവും ബിൽ സംബന്ധമായ വിവരവും ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥൻ ആരും തന്നെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-15 ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ബദ്ധ ശ്രദ്ധ ചെലുത്തുന്നു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഈ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം.

2."ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

3. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

4. ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 25.10.2021ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി

ലഭ്യമാക്കിയതിൽ പഞ്ചായത്തിൽ ഒരു ദുരന്ത പ്രതികരണ ആസൂത്രണ രേഖയും അടിയന്തര പ്രതികരണ ടീമും രൂപീകരിച്ചിട്ടുണ്ട്. ഈ ടീമിനെ 10 അംഗങ്ങളുള്ള മുന്നറിയിപ്പ് ടീം, 10 അംഗങ്ങളുള്ള അന്വേഷണ രക്ഷാപ്രവർത്തന ഒഴിപ്പിക്കൽ ടീം, 10 അംഗങ്ങളുള്ള ഷെൽട്ടർ മാനേജ്മെന്റ് ടീം, 8അംഗങ്ങളുള്ള പ്രഥമ ശുശ്രൂഷ ടീം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ടെന്നും കൂടാതെ ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പ് 20.01.2020 ലും 06.02.2021 ലും 2 0.02.2021ലും യോഗം ചേരുകയും പരിസ്ഥിതി സംരക്ഷണത്തിനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ടെന്നുമാണ്. കൂടാതെ ദുരന്തനിവാരണ പദ്ധതി രൂപീകരിക്കുന്നതിനും, ദുരന്തനിവാരണത്തിനും ദുരന്ത ലഘൂകരണത്തിനും ദുരന്ത നിവാരണ വർക്കിംങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുമായി വാർഡ് അടിസ്ഥാനത്തിൽ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് കിലയുടെ നേതൃത്വത്തിൽ പരിശീലനം നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നടത്തുന്നതിന് ഈ ഗ്രൂപ്പ് അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ദുരന്ത നിവാരണ കരട് പദ്ധതി രേഖ 24.02.2020ലെ വികസന സെമിനാറിൽ ചർച്ച ചെയ്തിട്ടുണ്ടെന്നും 26.02.2020 ലെ പഞ്ചായത്ത് കമ്മറ്റി ടി ദുരന്തനിവാരണ പദ്ധതി രേഖ അന്തിമമായി അംഗീകരിക്കുകയും 2020-21 ലെ വാർഷിക പദ്ധതിയോടൊപ്പം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ആവിഷ്കരിച്ചിട്ടുള്ള ഈ ടീമിനെ സമയോചിതമായി പ്രവർത്തിപ്പിക്കുവാനും പഞ്ചായത്ത് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2004-05, 2007-08, 2015-16 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും, ഓഡിറ്റ് അദാലത്തിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ടായിരുന്നെങ്കിലും ഭാഗീകമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നതും. ആയതിനാൽ എല്ലാ റിപ്പോർട്ടുകളിലും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ ധാരാളം അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് കഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. 1996- 97 മുതൽ 2018-19 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ 73 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 ബിരുദ -ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-ക്യാഷ് ബില്ലിൽ അധിക തുക നൽകി. (എസ്.സി)

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 39/20,<br>ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (എസ്.സി) |
| അടങ്കൽ, ഫണ്ട് | 3,29,868/- രൂപ, വികസന ഫണ്ട് |
| ബിൽ നം, തീയതി, ചെലവ് തുക | 13/19-20, 18.03.2020, 3,29,868/- രൂപ |
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ട് നം 799011400003959 ലേക്ക് M/s. കെൽട്രോൺ 03.01.2020ൽ നല്കിയ TVM /ITB/P1/RC/13340 നമ്പർ പ്രോഫോർമ്മ ഇൻവോയ്സ് പ്രകാരം 12 കമ്പ്യൂട്ടറുകൾക്ക് 329868/- രൂപ നല്കിയിരുന്നു. എന്നാൽ ഈ കമ്പ്യൂട്ടറുകൾ നേരിട്ട് വിതരണം ചെയ്ത ലെനോവ കമ്പനിയുടെ 10/09/2020 ലെ RV20010500 4798 നം ഇൻവോയ്സ് പ്രകാരം 317184/- രൂപയാണ് ബിൽ നല്കിയിട്ടുള്ളത്. 12684/- രൂപ അധികമായി കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം നല്കേണ്ടതാണെന്നും, കൂടാതെ ജനകീയാസൂത്രണ സബ്സിഡി - ധനസഹായ അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് നം (കൈ) 22/2018 മാർഗ്ഗരേഖയിലെ 7.2.8 ഖണ്ഡിക പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഈ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ്

ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റ് അവശ്യമാണ്. എന്നാൽ (1)കുമാരി അഞ്ജലി രവി, പ്ലാമൂട്ടിൽ, പിണ്ടിമന, (2) കുമാരി ദേവിക.പി.എസ്.,പുതുമനക്കുടി, പിണ്ടിമന,(3) കുമാരി ആരതിരാജു. പുത്തൻപുരയ്ക്കൽ. പിണ്ടിമന, (4)കുമാരി അഞ്ജന സുരേഷ്, കല്ലിങ്ങമാലിൽ, തൃക്കാരിയൂർ. (5)കുമാരി അശ്വതി ചന്ദ്രൻ, മരോട്ടിക്കൽപാടത്ത്, പിണ്ടിമന, (6)ശ്രീ അനന്തു പ്രിയദർശൻ, പുതുമനക്കുടിയിൽ, പിണ്ടിമന, (7)ശ്രീ ആനന്ദ് ശിവൻ, പനയ്ക്കൽ വീട്,പിണ്ടിമന, (8)ശ്രീ സനൽ രാജ്, പുത്തൻപുരയ്ക്കൽ, വേട്ടാമ്പാറ, (9) ശ്രീ.അമൽ.പി.സിജു, പാറത്താഴത്ത്, പിണ്ടിമന എന്നീ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ പട്ടികജാതി വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും പ്രോജക്ട് നടപ്പിലാക്കിയതിനും വിശദീകരണം നല്കേണ്ടതാണെന്നും കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 8.11.2017 ലെ വിവരസാങ്കേതിക വകുപ്പിന്റെ GO(MS) No. 24/2017/ITD പ്രകാരം Terminal, Storage And Processing Charge ആയ 4% ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആ തുക ഉൾപ്പെടുത്തിയ ഒറിജിനൽ ബില്ല് പ്രസ്തുത സ്ഥാപനം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. കൂടാതെ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഈ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റ് മേൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 ഘടകസ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾ- വിനിയോഗം ഉറപ്പുവരുത്താതെ മുൻകൂർ നൽകി

2019-20 സാമ്പത്തിക വർഷത്തെ 177/2020 നമ്പർ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി താഴെപ്പറയും പ്രകാരം അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ വിവരങ്ങളോ ചെലവ് രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിരുന്നില്ല.

| ഘടക സ്ഥാപനം | നൽകിയ അഡ്വാൻസ് തുക |
|---|---|
| ചെങ്കര ജി.യു.പി.എസ് | Rs.10,000/- |
| പിണ്ടിമന യു.പി.എസ് | Rs.17,000/- |
| പി.എച്ച്.സി,പിണ്ടിമന | Rs.15,000/- |
| മൃഗാശുപത്രി ,പിണ്ടിമന | Rs.15,000/- |
| ഐ.സി.ഡി.എസ് , പിണ്ടിമന | Rs.75,000/- |
| അസിസ്റ്റന്റ് എഞ്ചിനീയർ, പിണ്ടിമന | Rs.10,000/- |
| കൃഷി ഓഫീസ്, പിണ്ടിമന | Rs.23,313/- |
| Total | Rs.1,65,313 |

ഈ കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം- 5 തിയതി 22-10-2021) പ്രകാരം കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനിയർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരാണ് ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയത്. നിർവ്വഹണ ഉദ്യോഗസ്ഥരിൽ ഏതാനും പേരുടെ ബാങ്ക് പാസ് ബുക്കുകൾ പരിശോധിച്ചതിൽ 2019-20 പദ്ധതി പ്രകാരം നൽകിയ മുൻകൂറുകൾ നാളിതുവരെ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഹെഡ്മിസ്ട്രസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ഇപ്രകാരം നീക്കിയിരുപ്പുണ്ട്. മുൻകൂറുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുമ്പോഴും ആവശ്യകത പരിശോധിക്കാതെ പദ്ധതിയിൽ നിന്നും തുടർവർഷങ്ങളിലും വീണ്ടും മുൻകൂർ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് പദ്ധതിപ്പണത്തിന്റെ തെറ്റായ വിനിയോഗത്തിന് ഇടയാക്കുന്നു. ഘടകസ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്കായി വിനിയോഗിക്കുന്ന തുകകൾ സമയബന്ധിതമായി, നിയമാനുസൃത ചെലവുകൾക്കായി മാത്രം വിനിയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1.ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2. പ്രവർത്തികൾ സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.

3. 2013 ലെ സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 7.33 (iii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടറായി നടത്തേണ്ടതാണ്. എന്നാൽ ഇത് പാലിക്കാതെ പല പ്രവൃത്തികൾക്കും ആവശ്യമുള്ള ഒരേയിനത്തിൽ പെടുന്ന സാധനങ്ങൾക്കായി ഓരോ വർക്കിനും പ്രത്യേകം പ്രത്യേകം ടെണ്ടർ

ക്ഷണിച്ചിട്ടുണ്ട്. ഇതുവഴി വർക്കുകളിൽ മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നില്ലായെന്നത് കൂടാതെ ഒറ്റ ടെണ്ടറായി വാങ്ങുമ്പോൾ വാങ്ങൽ തുക 5 ലക്ഷത്തിൽ അധികരിക്കുന്നതുവഴി നിയമപ്രകാരം ബാധകമാകേണ്ട ഇ-ടെണ്ടർ മുഖാന്തിരമുള്ള വാങ്ങൽ ഒഴിവാക്കപ്പെടുന്നു.

4. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളുടെ ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം (Annex.V) പദ്ധതികളുടെ ഫയലുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല.

6. 2018 ലെ ഫിനാൻസ് ആക്റ്റ് പ്രകാരം കരാർ തുകയുടെ 0.1% തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ കരാറുകളിൽ ഉപയോഗിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിലെ പല പ്രവൃത്തികൾക്കും മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചിട്ടില്ല. ഇത് സ്റ്റാമ്പ് ഡ്യൂട്ടി വഴി സർക്കാരിന് ലഭിക്കേണ്ട വരുമാനം ലഭിക്കാത്ത സ്ഥിതിയുണ്ട്.

7. വിവിധ പ്രവൃത്തികൾക്കായി ആവശ്യമുള്ള ഒരേയിനത്തിലെ സാധനങ്ങൾക്കായി ഓരോ വർക്കിനുമായി പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിച്ച് പ്രത്യേകം കരാറുകൾ വയ്ക്കുന്നതിനാൽ നിയമപ്രകാരം ബാധകമായ ജി.എസ്.ടി (റ്റി.ഡി.എസ്.)ഈടാക്കാനാകുന്നില്ല. ഇത് വഴി നികുതിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം ലഭിക്കാത്ത സ്ഥിതിയുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/20-21/22.10.21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവർത്തികൾ-വിനിയോഗവിവരങ്ങളില്ല

എ) ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ വലിക്കൽ പ്രവൃത്തിക്കായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ പദ്ധതി മുഖാന്തിരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളും പ്രവർത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 117/20 | വൈദ്യുതലൈൻ എക്സ്റ്റെൻഷൻ വാർഡ് 3,13 | ₹ 2,70,115/- (Bill No-29/19-20 C/o 21/01/2020) |
| | ആകെ | 270115/- |

കൂടാതെ 31.03.2020 വരെയുള്ള കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഈ ശീർഷകത്തിൽ 4,76,683/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വിവിധ പ്രൊജക്ടുകൾക്കായി KSEB യിൽ നിക്ഷേപിച്ച തുകയ്ക്കുള്ള പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

ബി) കൂടാതെ വാർഡുകളിൽ കുടിവെള്ള ലൈൻ വലിക്കൽ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പദ്ധതികൾ മുഖാന്തിരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളും പ്രവർത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 156/20 | പുലിമല-ആയപ്പാറ റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ₹ 6000/- (Bill No-4/19-20 C/o 11/07/2019) |
| 240/20 | അംഗൻവാടി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (വാർഡ്-11) | ₹ 106812/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | ആകെ | 112812 /- |

കൂടാതെ 31.03.2020 വരെയുള്ള കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഈ ശീർഷകത്തിൽ 3,04,591/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വിവിധ പ്രൊജക്ടുകൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയ്ക്കുള്ള പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ചെലവ് സംബന്ധമായ രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് 3,82,927/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-21 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31.3.21 ലെ നീക്കിയിരുപ്പ് തുക 3,44,017/- രൂപയാണെന്നു കാണുന്നു. നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ടി നീക്കിയിരുപ്പ് തുകയിൽ 1.12.2009 മുതലുള്ള ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/20-21/21.10.21) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-22 തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ- അധിക തുക വിനിയോഗിച്ചു

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ, ഫിറ്റിംഗ് എന്നിവ നടത്തിയ വകയിൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3)പല ഫയലിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5) റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ ബിറ്റുമിൻ വാങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20-21/26.10.21) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല

(1) ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ. ചേലാട് ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലാണ് 21.11.2019 മുതൽ ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് വന്നിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരുപ്പായുള്ള ടെണ്ടർ ഫീ തുക തനത് ഫണ്ടിൽ ഒടുക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയത് (നം.14/20-21/26.10.21) പ്രകാരം 38,500/- രൂപ 27.10.21 ൽ തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(2) 21.11.2019 ന മുമ്പുള്ള തുകകൾ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളതെന്നും, ടി തുകയിൽ നിന്നും 67,872/- രൂപ പഞ്ചായത്തിലേയ്ക്ക് തിരികെ ലഭ്യമായതായും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തിൽ ടെണ്ടർ ഫോറവിലയായ 78,648/- രൂപ ലഭിച്ചതായി ഓർഗനൈസേഷൻ കളക്ഷൻ റിപ്പോർട്ട് പ്രകാരം കാണുന്നു. എന്നാൽ പ്രസ്തുത തുക എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലോ, അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിലോ ക്രെഡിറ്റായിട്ടില്ല. ടി വിഷയത്തിൽ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ തുകയുടെ ക്രെഡിറ്റ് വിവരം അറിയിക്കുന്നതിനായി ഐ.ടി മിഷന് ഇമെയിൽ അയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-25 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. ടി ഇനത്തിൽ വന്നിട്ടുള്ള വരവിന്റെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/20-21/ 21.10.21) അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ നാളിതുവരെ കളക്ഷൻ ചാർജ്ജ് തുക ഈടാക്കിയിട്ടില്ലാത്തതായും, തൻവർഷത്തെ കളക്ഷൻ ചാർജ്ജ് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും, അപാകത മേലിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-26 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ

ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/20-21/21.10.21അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ വെബിൽ ബിറ്റുമിൻ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടുമായി മാപ്പ് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-27 നീന്തൽ പരിശീലനം-സർട്ടിഫിക്കറ്റ് വിതരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഹെഡ്മാസ്റ്റർ ഗവൺമെന്റ് യു. പി. സ്കൂൾ നടപ്പിലാക്കിയ പ്രോജക്റ്റ് നം 114/20 നീന്തൽ പരിശീലനം എന്ന പദ്ധതിക്കായി (തനത് ഫണ്ട്, അടങ്കൽ 50000/-രൂപ) 18714/-രൂപ ചെക്ക് നമ്പർ 059565, 059566, തീയതി 31-3-2020 പ്രകാരം ചെലവാക്കിയിട്ടുള്ളതായി കാണുന്നു. പദ്ധതി ചെലവിൽ പരിശീലകർക്കും സന്നദ്ധപ്രവർത്തകർക്കും ഭക്ഷണം നൽകിയ വകയിൽ മാത്രമാണ് ചെലവ് ഉണ്ടായിട്ടുള്ളത്. എത്ര കുട്ടികളാണ് പരിശീലനം പൂർത്തിയാക്കിയതെന്നോ സർട്ടിഫിക്കറ്റ് നൽകിയതുടെ വിശദാംശങ്ങളോ ലഭ്യമാക്കിയില്ല. കൂടാതെ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത ചെലവ് പദ്ധതി ചെലവിൽ ഉൾപ്പെട്ടതായും കാണുന്നില്ല. നീന്തൽ പരിശീലനത്തിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 26-10-2021- ലെ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മിക്കവാറും കുട്ടികൾ സർട്ടിഫിക്കറ്റുകൾ കൈപറ്റിയിട്ടുള്ളതായും ബാക്കി വിതരണം ചെയ്യാനുള്ളതായും അറിയിച്ചു.

സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത ചെലവ് വിശദാംശങ്ങളും സർട്ടിഫിക്കറ്റ് വിതരണം ചെയ്ത വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-28 സാക്ഷരതാ പ്രവർത്തനങ്ങൾ -തുടർ പഠന വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ഹെഡ്മാസ്റ്റർ ഗവൺമെന്റ് യു പി സ്കൂൾ നടപ്പിലാക്കിയ പ്രോജക്റ്റ് നം 161/20, സാക്ഷരതാ പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി (വികസന ഫണ്ട് -ജനറൽ അടങ്കൽ 50000/-രൂപ, ബിൽ നമ്പർ 4/4-9-19 ) 44700/-രൂപ ചെലവായതായി കാണുന്നു. 18 പത്താംതരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസായി 33000/- രൂപയും (18x1850)), 3 ഒന്നാം വർഷ (പ്ലസ് വൺ) പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസായി 7500/- രൂപയും(3*2500) രണ്ട് പ്ലസ്സ് ടു പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസായി 3900/- രൂപയും (2*1950) ഉൾപ്പെടെ ആകെ 44700/- രൂപയാണ് സംസ്ഥാന സാക്ഷരതാ മിഷന് അടവാക്കിയിട്ടുള്ളത്. പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ് അടവാക്കിയതിന്റെ കൈപറ്റ് രസീത്, കോഴ്സ് ഫീസും പരീക്ഷാ ഫീസും അടച്ച വിവരങ്ങളും തുടർ പഠന വിവരങ്ങളും ലഭ്യമല്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 26-10 2021- ലെ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് പഠിതാക്കളുടെ തുടർ പഠനങ്ങൾ ഭംഗിയായി നടക്കുന്നതായി സാക്ഷരതാ പ്രേരകിൽ നിന്ന് അറിയാൻ കഴിഞ്ഞതായും സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപറ്റ് രസീതിന് ആവശ്യപ്പെട്ടിട്ടുള്ളതായും അറിയിച്ചു.

സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതും പഠിതാക്കളുടെ തുടർ പഠന വിശദാംശങ്ങളടക്കം പദ്ധതിയുടെ ഫലപ്രാപ്തി അറിയിക്കേണ്ടതുമാണ്.

## 1-29 'പെൻസിൽ' മെന്റേഴ്സ് ക്യാമ്പ് ചെലവ് തിരികെ ലഭ്യമായില്ല.

ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ കുട്ടികൾക്കുവേണ്ടി 'പെൻസിൽ' എന്ന പേരിൽ ഒരുക്കിയ അവധിക്കാല പഞ്ചായത്തുതല മെന്റേഴ്സ് ക്യാമ്പ് നടത്തിപ്പിനായി ചെലവഴിച്ച തുക 6405/- രൂപ വൗച്ചർ നം.21900466 തീ 25-10-19 പ്രകാരം പഞ്ചായത്തിൽ നിന്നും ചെലവാക്കിയിട്ടുള്ളതാണ്. കില ഡയറക്ടറുടെ 02.05.2019 ലെ കില/2019/101/2719/എച്ച് ക്യൂ നം. കത്തിൽ വാർഡുതല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ഒരു വാർഡിൽ നിന്ന് 5 പേർ) ഭക്ഷണം, പരിശീലന സാമഗ്രികൾ എന്നിവയ്ക്ക് 100/-രൂപ വീതം കില നൽകും. ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഒറിജിനൽ ബിൽ, വൗച്ചർ, ഹാജർ ലിസ്റ്റ് എന്നിവ ഹാജരാക്കി ചെലവായ തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്യാവുന്നതുമാണ്. ഈ നിർദ്ദേശം പാലിച്ച് ചെലവു തുക പഞ്ചായത്ത് റീഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 28-10-2021 ലെ ഓഡിറ്റ് എൻക്വയറിക്ക് (നം. 17) മറുപടി നൽകിയില്ല.

മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-30 പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ് ഒ 132/20, പാലിയേറ്റീവ് കെയർ |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| അടങ്കൽ | 5,00,000/- വികസന ഫണ്ട് -ജനറൽ, |
| ചെലവ് | 494383/- |
| ബിൽ നമ്പർ | ബിൽ നമ്പർ 2/27-9-2019, 82140/-<br>ബിൽ നമ്പർ 3/27-9-2019, 29180/-<br>ബിൽ നമ്പർ 24/8-11-2019, 48400/-<br>ബിൽ നമ്പർ 6/9-1-2020, 156183/-<br>ബിൽ നമ്പർ 8/4-3-2020, 56100/-<br>ബിൽ നമ്പർ 9/30-3-2020, 122380/- |

ബിൽ നമ്പർ 9/30-03-2020 പ്രകാരമുള്ള 122380/- രൂപയുടെ ചെലവിൽ രോഗീസംഗമത്തിനായി ചെലവഴിച്ച തുകയിൽ 4550/-രൂപ ഗിഫ്റ്റ് വിതരണം ചെയ്ത ഇനത്തിൽ "എഞ്ചവാക്കുടിയിൽ റെഡിമെയ്ഡ്" എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ഗിഫ്റ്റ് വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 26-10-2021 ലെ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർധനരായ പാലിയേറ്റീവ് രോഗികൾക്ക് പുതപ്പ് വാങ്ങി നൽകുകയാണ് ഉണ്ടായത് എന്നറിയിച്ചു.

പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 5 പ്രകാരം പട്ടിക ജാതി / പട്ടിക വർഗ്ഗ കുട്ടികൾക്കുള്ള സ്കൂൾ യൂണിഫോം ഒഴികെ മറ്റുള്ളവർക്ക് വസ്ത്രങ്ങൾ നൽകുന്നത് അനുവദനീയമല്ല. പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.5.3 (4) പ്രകാരം വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി, ഊന്നുവടി, കസേര എന്നിവ അനവദനീയമല്ല എന്ന് പ്രത്യേക നിർദേശമുണ്ട്. സ ഉ(സാധാ)നം-327/15 /തസ്വഭവ, തീയതി-29.10.15 പ്രകാരമുള്ള പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയിലോ, സ.ഉ(സാധാ)നം-553/15/തസ്വഭവ, തീയതി-7.3.19 പ്രകാരമുള്ള പരിഷ്കരിച്ച പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയിലോ ഇത്തരം ചെലവ് അനവദനീയമാണ് എന്ന് പറയുന്നില്ല.

ആയതിനാൽ ഈ ഇനത്തിലെ ചെലവ് തുകയായ 4550/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 പ്രിന്റിങ്ങ് പ്രവർത്തികൾ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

6-6-2019 ലെ 3/1 നമ്പർ കമ്മിറ്റി തിരുമാന പ്രകാരം പഞ്ചായത്തിലെ പ്രിന്റിങ്ങ് ജോലികൾ ഇംപ്രഷൻ ഓഫ്സെറ്റ് പ്രിന്റിങ്ങ് എന്ന സ്ഥാപനത്തിന് നൽകുന്നതിന് തിരുമാനിച്ചിട്ടുള്ളതായി കാണുന്നു. ഈ സ്ഥാപനവുമായി ഏർപ്പെട്ട കരാറും 2019-20 വർഷം പ്രിന്റിങ്ങ് പ്രവർത്തികൾക്കായി ആകെ നൽകിയ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 28-10-2021 ലെ ഓഡിറ്റ് എൻക്വയറിക്ക് (നം. 17) മറുപടി നൽകിയില്ല. ഈ സ്ഥാപനത്തിന് പ്രിന്റിങ്ങ് പ്രവർത്തികൾക്കായി 2019-2020 വർഷം ആകെ നൽകിയ തുകയുടെ വിശദാംശങ്ങളും ഇൻകം ടാക്സ് നിയമ പ്രകാരമുള്ള ടി ഡി എസ് കുറവ് ചെയ്ത വിശദാംശങ്ങളും അറിയിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി-കമ്മിറ്റി തിരുമാനം പ്രകാരമുള്ള തുക തിരികെ ഈടാക്കിയില്ല.

2018-19 വർഷം ലൈഫ് ഭവന പദ്ധതി പ്രകാരം കുട്ടപ്പൻ ചോതി എന്ന ഗുണഭോക്താവിന് ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് നൽകിയ 140000/-രൂപ (ചെക്ക് നം 1750333/19-9-2018, 40000/-രൂപ ; ചെക്ക് നം 908426/10-1-2019, 100000/-രൂപ) ഗുണഭോക്താവ് മരണപ്പെട്ടതിനാൽ അനന്തരാവകാശിയായ മകനിൽ നിന്ന് തിരികെ ഈടാക്കുന്നതിന് 22-7-19ലെ 10(1)പഞ്ചായത്ത് കമ്മിറ്റി തിരുമാനം പ്രകാരം തിരുമാനിച്ചിട്ടുള്ളതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 27-10-2021 ല ഓഡിറ്റ് എൻക്വയറിക്ക് (നം. 17) മറുപടി നൽകിയില്ല. അനന്തരാവകാശിയായ മകനിൽ നിന്ന് തുക തിരികെ ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-33 സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുള്ള മരംവെട്ടിമാറ്റിയതിനുള്ള ചെലവ് തിരികെ ഈടാക്കിയില്ല.

വൗച്ചർ നം.21900333 തീ 3-9-2019 പ്രകാരം സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുള്ള മരം വെട്ടിമാറ്റുന്നതിന് 2000/- രൂപ ചെലവാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ പരാതി കമ്മിറ്റിയുടെ 15-6-2019 ലെ 13-ാം നമ്പർ തീരുമാനപ്രകാരം മരത്തിന്റെ ഉടമസ്ഥയായ ശ്രീമതി സാറാ മാർക്കോസ് മരം വെട്ടി മാറ്റാത്തതിനാൽ പഞ്ചായത്ത് സ്വയം മരം മുറിച്ച് മാറ്റുകയും ചെലവ് തുക റവന്യൂ റിക്കവറിയിലൂടെ ഉടമസ്ഥനിൽ നിന്ന് ഈടാക്കുന്നതാണ് എന്ന് സെക്രട്ടറിയുടെ 17-8-19 ലെ കത്ത് വഴി ഉടമസ്ഥയെ അറിയിച്ചിട്ടുള്ളതുമാണ്. ഈ തുക തിരികെ ഈടാക്കിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 28-10-2021 ല ഓഡിറ്റ് എൻക്വയറിക്ക് (നം. 17) മറുപടി നൽകിയില്ല. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 ഓഡിറ്റ് ഇംപാക്ട്

1. ഓഡിറ്റ് എൻക്വയറി നം. 3 ന്റെ (22.10.2021) അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 3600/- രൂപ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | തുക, രസീത് നം, തീയതി |
|---|---|---|---|---|
| 1 | 16/19-20 | സജീവ് എം എ, മുണ്ടേത്ത് | ഹെപ്പ ക്വാറി | 720/-, 1210100387, 27.10.2021 |
| 2 | 81/19-20 | റ്റി കെ ഇബ്രാഹിംകുട്ടി | പെരിയാർ അസോസിയേറ്റ്സ് (മെറ്റൽ ക്രഷർ) | 720/-, 1210100383, 27.10.2021 |
| 3 | 91/19-20 | ജിജി പോൾ, പുളിക്കൽ | അബിയ്യാ പാവിംഗ് ടൈൽ | 1200/-, 1210100376, 27.10.2021 |
| 4 | 131/19-20 | വർഗീസ് എ പി, അറക്കൽ | നദി സോപ്പ് വർക്ക്സ് | 960/-, 1210100375, 27.10.2021 |
| ആകെ | | | | 3600/- |

2. ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രവൃത്തികളിലുണ്ടായിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 34687/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(I) ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയതിലെ വ്യത്യാസം - കരാറുകാരന് അധിക തുക നൽകി

വേട്ടമ്പാറ പമ്പ് ഹൗസ് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി നൽകിയപ്പോൾ ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയതിലെ വ്യത്യാസം മൂലം കരാറുകാരന് 7459/- രൂപ അധികമായി നൽകിയത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (എൻക്വയറി നം.15/19-20/27.10.21) കരാറുകാരന് അധികമായി നൽകിയ 7459/- രൂപ തിരികെ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. (രസീത് നം. 1210100413/29.10.21)

(Ii) യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.26/20-21) നൽകിയതിന്റെ അടിസ്ഥാനത്തിൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 27228/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (രസീത് നം. 1210100410-412, 414/29.10.21, 1210100418/30.10.21)

2) ഡയറി ഫാം ഇൻസ്പെക്ടർ നടപ്പിലാക്കിയ പ്രോജക്ട് നം 121/20 ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് എന്ന പദ്ധതിക്കായി ചെലവിച്ച തുകയിൽ ഗുണഭോക്താവിന് അധികം നൽകിയ 1051/ -രൂപ നം 1210100350 തീ 22-10-2021പ്രകാരം തിരികെ അടവാക്കി. (22-10-2021- ലെ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറി )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ- അധിക തുക വിനിയോഗിച്ചു

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്ക് അറ്റകുറ്റപ്പണികൾ, ഫിറ്റിംഗ് എന്നിവ 2018-19, 2019-20 വർഷങ്ങളിൽ ശ്രീ.സ്വാഗത് പി.ജി. എന്നയാളാണ് കരാർ എടുത്തിരുന്നത്. പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 832 തെരുവുവിളക്കുകൾ ശ്രീ.സ്വാഗത് പി.ജി. അറ്റകുറ്റപ്പണി നടത്തിയതായി കെ.എസ്.ഇ.ബി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരമുള്ള ഒന്നിന് 75/- രൂപ നിരക്കിലുള്ള പ്രതിഫലവും സാധനങ്ങളുടെ വിലയായ

6850/- രൂപയും ഉൾപ്പടെ 69,250/- രൂപയാണ് ശ്രീ.സ്വാഗതിന് 2018-19 ൽ നൽകേണ്ടിയിരുന്നത്. എന്നാൽ 2018-19 പ്രോജക്റ്റിൽ നിന്നും ആകെ 45000/- രൂപ മാത്രമാണ് നൽകിയത്. ബാക്കി തുകയും 2019-20 ലെ അറ്റകുറ്റപ്പണികളുടെ തുകയും നല്കുന്നതിനായി ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്റ്റിൽ (പ്രോജക്റ്റ് നം-157/2020) നിന്നും ട്രഷറി ബിൽ 7/2019-20 തിയതി 26/07/2019 പ്രകാരം 25150/- രൂപ ശ്രീ.സ്വാഗതിന് നൽകിയിട്ടുണ്ട്. എന്നാൽ 2018-19 24250/- രൂപ (69250-45000) മാത്രമാണ് നൽകാനുണ്ടായിരുന്നത്. 900/- രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 4/22.10.2021) തുക തിരികെ ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

.

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 700000 | അംഗൻവാടി നിർമ്മാണം (P-191/20)<br>അംഗൻവാടി കുടിവെള്ളകണക്ഷൻ (P-240/20) | 593188<br>106812 |
| | 2019-20 | 560000 | എസ്.സി ലൈഫ് പദ്ധതി | 0 |
| | 2019-20 | 101012 | എസ്.സി ലൈഫ് പദ്ധതി | 101012 |
| | O.B- 500849 | | അംഗൻവാടി നിർമ്മാണം വാർഡ്-13 (P-89/20) | 492367 |
| | ആകെ | 1610212 | | 1542579 |
| ജില്ലാ പഞ്ചായത്ത് | O.B- 377005 | | ലൈഫ് പദ്ധതി-207/20 | 377005 |
| | 450000 | | ലൈഫ് പദ്ധതി-205/20 | 450000 |
| | 225000 | | ലൈഫ് പദ്ധതി-204/20 | 225000 |
| ആകെ | 1052005 | | | 1052005 |

2.സംയുക്ത പദ്ധതികൾ- നേരിട്ട് ചെലവഴിച്ച തുക

| സ്ഥാപനം | പദ്ധതിയുടെ നം | നേരിട്ട് ചെലവഴിച്ച തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 66/2020 | 153000 |
| | 201/2020 | 752790 |
| | 63/2020 | 156750 |
| | 223/2020 | 7190000 |
| | 194/2020 | 924094 |
| | 121/2020 | 50000 |
| ആകെ | | 9226634 |
| ബ്ലോക്ക് പഞ്ചായത്ത് | 63/2020 | 200000 |
| ആകെ | | 200000 |

### 4-3 നിക്ഷേപപ്രവർത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ നീട്ടൽ | 22000929 | 270115/- | 0 | 270115/- |
| K.W.A | പൈപ്പ് ലൈൻ നീട്ടൽ | 21900271 21900897 | 112812/- | | 112812/- |
| ആകെ | | | 3,82,927/- | | 3,82,927/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7109578/-രൂപ വരവുണ്ട്. തൻവർഷം 63,29,578 രൂപ വിനിയോഗിച്ചിട്ടുണ്ട്. 2019-20 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| KURDFC ഭവന വായ്പ -ലൈഫ് | ജി ഒ (എം എസ്) 68/018/ ത.സ്വ.ഭ.വ. തീയതി 18.5.2018 | (2019-20) 7109578 | 9214417 | 1117647 | 0 | 15206348 | |

ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 10,14,706/-രൂപയും ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി. വിഭാഗത്തിൽ 102941/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ. പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് KURDFC ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-9 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57220077 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54876910 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 387477 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 3-1 | 0 | 900 | ശ്രീ.രാജൻ.പി.എസ് സെക്രട്ടറി(റിട്ടയേഡ്) |
| ആകെ | - | 900 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-20 | 270115 | സെക്രട്ടറി മീതൈൻ.എം.എം | ആട്ടയം, നെല്ലിക്കുന്ന്.പി.ഒ, കോതമംഗലം,എറണാകുളം |
| | 112812 | സെക്രട്ടറി (റിട്ടയേഡ്) ശ്രീ.രാജൻ.പി.എസ് | പടമറ്റം, മഞ്ഞപ്ര.പി.ഒ കാലടി, എറണാകുളം |
| 1-30 | 4550 | ഡോ. ദിവ്യരാജേന്ദ്രൻ മെഡിക്കൽ ഓഫീസർ പി.എച്ച്.സി. പിണ്ടിമന | ഞാലപ്പടി ഹൗസ് രായമംഗലം, എറണാകുളം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.രാജൻ.പി.എസ് സെക്രട്ടറി | സെക്രട്ടറി (റിട്ടയേഡ്) | പടമറ്റം, മഞ്ഞപ്ര പി.ഒ കാലടി, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ഇ.പി1 -866/93/28.12.93 |
| 1989-90 | എൽ.എഫ്.ഇ.പി1- 866/93/28.12.93. |
| 1996-97 | എൽ.എഫ്.ഇ.പി-1 -992/98/6.4.99 |
| 1997-98 | എൽ.എഫ്.ഇ.പി1-1507/99/15.07.2000 |
| 1998-99 | എൽ.എഫ്.ഇ.പി1-1173/03/4.09.2003 |
| 1999-2000 | എൽ.എഫ്.ഇ.പി1-1218/04/4.5.2005 |
| 2000-01 | എൽ.എഫ്.ഇ.പി1 -1218/04/4.5.2005 |
| 2001-02 | എൽ.എഫ്.ഇ.പി1- 918/05/20.08.06 |
| 2002-03 | എൽ.എഫ്.ഇ.പി1 .1819/08/17.11.09 |
| 2003-04 | എൽ.എഫ്.ഇ.പി7-241/12/4.9.12 |
| 2005-06 | എൽ.എഫ്.ഇ.പി7-239/12/4.9.12 |
| 2006-07 | എൽ.എഫ്.ഇ.പി7-238/12/4.9.12 |

| | |
|---|---|
| 2008-09 | എൽ.എഫ്.ഇ.പി7-136/13/11.2.13/14.3.13 |
| 2009-10 | എൽ.എഫ്.ഇ.പി7-306/11/8.8.2011 |
| 2010-11 | എൽ.എഫ്.ഇ.പി7-136/11/11.2.13/14.3.13 |
| 2011-12 , 2012-13 | എൽ.എഫ്.ഇ.പി7-1322/14/13.10.14/12.12.14 |
| 2013-14 , 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1107/16/08.07.2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2105/17 തീയതി 10.11.17/16.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2342/18 തീയതി 07.01.19/01.03.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി.7)127/2020 തീയതി 04.03.2020/09.03.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

Balance sheet as on 31.03.2020

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| 310000000 | LIABILITIES<br>Reserve& Surplus<br>Muncipal (General) Fund [Code No 310] | B-1 | 2142354.45 |
| 311000000 | Earmarked Funds | B-2 | 86293.00 |
| 312000000 | Reserves | B-3 | 35960814.00 |
| | *Total Reserve& Surplus* | | 38189461.45 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 5024179.00 |
| | *Total Grants,Contributions for specific purposes* | | 5024179.00 |
| 330000000 | Loans<br>Secured Loans | B-5 | 15206348.00 |
| | *Total Loans* | | 15206348.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 392364.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 1101200.55 |
| 360000000 | Provisions | B-10 | 0.00 |
| | *Total Current Liabilities and Provisions* | | 1493564.55 |
| 432000000 | TOTAL LIABILITIES<br>ASSETS<br>Current Liabilities and Provisions<br>Accumulated Provisions Against<br>Debtors (Receivables) | B-15(a) | 59913553.00<br>0.00 |
| | *Total Current Liabilities and Provisions* | | 0.00 |
| 410000000 | Fixed Assets<br>Fixed Assets | B-11 | 51530332.00 |
| 411000000 | Accumulated Depreciation | B-11 | (21783671.00) |
| 412000000 | Capital Work In Progress | B-11(a) | 1312146.00 |
| | *Total Fixed Assets* | | 31058807.00 |
| 430000000 | Current Assets,Loans and Advances<br>Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 228660.00 |
| 440000000 | Pre-paid Expenses | B-16 | 14426348.00 |
| 450000000 | Cash and Bank balance | B-17 | 12447396.00 |
| 460000000 | Loans, Advances and Deposits | B-18 | 1752342.00 |
| | *Total Current Assets,Loans and Advances* | | 28854746.00 |
| | TOTAL ASSETS | | 59913553.00 |

## അനുബന്ധം - 4

Income & Expenditure Statement For the period from 01-April-2019 to 31-March-2020

| *Code* | *Head Of Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4,181,388.00 |
| 130000000 | Rental Income from Panchayat Properties | I-3 | 26,164.00 |
| 140000000 | Fees & User Charges | I-4(b) | 362,480.00 |
| 150000000 | Sale & Hire Charges | I-5(b) | 55,988.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 68,930,766.00 |
| 171000000 | Interest Earned | I-8 | 120,313.00 |
| 180000000 | Other Income | I-9 | 4.00 |
| A | Total-Income | | 73,677,103.00 |
| | Expenditure | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 7,961,108.00 |
| 220000000 | Administrative Expenses | I-11(b) | 513,394.00 |
| 230000000 | Operations & Maintenance | I-12(b) | 1,153,978.00 |
| 240000000 | Interest & Finance Charges | I-13 | 7,138.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 2,243,449.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 40,114,629.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,890,016.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 12,921,180.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 4,660,584.00 |
| 272000000 | Depreciation | I-17(a) | 4,012,663.00 |
| B | Total-Expenditure | | 75,478,139.00 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | (1,801,036.00) |
| D= 280000000 | Prior Period Item | I-18 | (9,329,170.00) |
| E = C-D 290000000 | *Gross Surplus/Deficit of Income over Expenditure after prior period items* Transfer to Reserve Funds | | 7,528,134.00 |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | |

...

## അനുബന്ധം - 5

Receipt And Payment Statement For the period from 01-April-2019 To 31-3.2020

| *Code* | *Head Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| | Opening Balance | | |
| | Bank Cash | RP-40(a)<br>RP-40(a) | 9,890,493.00<br>213,736.00 |
| | Receipts | | |
| Operating<br>110000000<br>140000000<br>150000000<br>160000000<br>171000000<br>320000000<br>350000000<br>Non Operating | Tax Revenue<br>Fees & User Charges<br>Sale & Hire Charges<br>Revenue Grants, Funds, Contributions & Compensations Interest Earned<br>Grants, Funds & Contributions for Specific Purposes Other Liabilities<br>Other Income<br>Earmarked Funds<br>Secured Loans<br>Deposits Received<br>Other Liabilities | RP-1 RP-4<br>RP-5 RP-7<br>RP-9 RP-31<br>RP-36<br>RP-10<br>RP-29<br>RP-32<br>RP-34<br>RP-36<br>RP-37<br>RP-43<br>RP-47 | 943,890.00<br>256,030.00<br>53,488.00<br>35,436,606.00<br>151,766.00<br>9,801,525.00<br>151,711.00<br>4.00<br>5,000.00 |

| | | | |
|---|---|---|---|
| 180000000<br>311000000<br>330000000<br>340000000<br>350000000<br>360000000<br>431000000<br>460000000 | Provisions<br>Sundry Debtors (Receivables)<br>Loans, Advances and Deposits | | 7,109,578.00<br>66,647.00<br>159,112.00<br>0.00<br>3,081,720.00<br>3,000.00 |
| GrandTotal<br>67,324,306.00 | | | |
| Payments | | | |
| Operating<br>210000000<br>220000000<br>230000000<br>250000000<br>251000000<br>252000000<br>253000000<br>254000000<br>255000000<br>280000000<br>320000000<br>350000000<br>Non Operating<br>240000000<br>311000000<br>340000000<br>350000000<br>410000000<br>412000000<br>440000000 | Establishment Expenses<br>Administrative Expenses<br>Operations & Maintenance<br>Decentralised Plan Programme - Productive Sector Decentralised Plan Programme - Service Sector<br>Decentralised Plan Programme - Infrastructure Sector<br>Decentralised Plan Programme - Projects not included in Sector Division Expenditures of Transferred Institutions and State Sponsored Schemes (not i Maintenance Projects<br>Prior Period Item<br>Grants, Funds & Contributions for Specific Purposes Other Liabilities<br>Interest & Finance Charges Earmarked Funds<br>Deposits Received<br>Other Liabilities Fixed Assets<br>Capital Work In Progress<br>Pre-paid Expenses<br>Loans, Advances and Deposits | RP-11 RP-12<br>RP-13 RP-15<br>RP-16 RP-17<br>RP-18 RP-19<br>RP-20<br>RP-26<br>RP-31<br>RP-36<br>RP-14<br>RP-29<br>RP-34<br>RP-36<br>RP-38<br>RP-40<br>RP-45<br>RP-47 | 2,522,846.00<br>513,394.00<br>1,153,978.00<br>1,887,449.00<br>24,154,840.00<br>1,890,016.00<br>0.00<br>277,680.00<br>4,660,584.00<br>1,800.00<br>985,754.00<br>4,219,929.00<br>7,138.00<br>15,000.00<br>13,900.00<br>1,262,772.00<br>3,433,926.00<br>159,344.00<br>6,329,578.00<br>1,386,982.00 |

| | | | |
|---|---|---|---|
| 460000000 | | | |
| Closing Balance | | | |
| | Bank Cash | RP-40(b) | 12,433,648.00 |
| | | RP-40(b) | 13,748.00 |
| Grand Total | | | 67,324,306.00 |